**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **12-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിക്കുന്നതിനായുള്ള നടപടികളിൽ വലിയ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് 26.02.2021 ൽ കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതേത്തുടർന്ന് നടപ്പാക്കാൻ തീരുമാനിച്ച ഗ്രിഹ 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനുള്ള ജോലികളും പ്രോജക്ട് ഡിസൈൻ റിവ്യൂവുമായി ബന്ധപ്പെട്ട ജോലികളും സമയ ദൈർഘ്യം എടുക്കുന്നതാണ്. ഇവ കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പുരോഗമിച്ചുവരുന്നു. ഇവ പൂർത്തിയാക്കി പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് 26.02.2021 ൽ കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതേത്തുടർന്ന് നടപ്പാക്കാൻ തീരുമാനിച്ച ഗ്രിഹ 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനുള്ള ജോലികളും പ്രോജക്ട് ഡിസൈൻ റിവ്യൂവുമായി ബന്ധപ്പെട്ട ജോലികളും സമയ ദൈർഘ്യം എടുക്കുന്നതാണ്. ഇവ കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പുരോഗമിച്ചുവരുന്നു. ഇവ പൂർത്തിയാക്കി പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ